# ഗവ SMVLP സ്കൂൾ തേവലക്കര

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025- 26

# GOVT. SMVLPS THEVALAKKARA - 41331

UDISE Code: 32130400508

email. hmgsmvlps@gmail.com   ഉപജില്ല: ചവറ.

തേവലക്കര എന്നറിയപ്പെടുന്ന ദേവലോകക്കരയിലെ ആദ്യകാല വിദ്യാലയമുത്തശ്ശിയാണ് നമ്മുടെ വിദ്യാലയം. 1886-ൽ ആരംഭിച്ച വിദ്യാലയം മുടിയിലേഴത്ത് കുടുംബം സൗജന്യമായി നൽകിയ 55 സെന്റ് സ്ഥലത്താണ് ആരംഭിച്ചത്. പിന്നീട് 1911-ൽ ശ്രീമൂലം തിരുനാൾ (തിരുവിതാംകൂർ രാജാവ്) ഏറ്റെടുത്തതോടെയാണ് ശ്രീമൂലവിലാസം എന്നതിലേക്കും സ്വാതന്ത്ര്യാനന്തരം സർക്കാർ ഏറ്റെടുത്തതോടെ ഗവ. ശ്രീമൂലവിലാസം ലോവർ പ്രൈമറി സ്കൂൾ എന്ന് പുനർനാമകരണം ചെയ്യപ്പെടുകയും ഉണ്ടായി.

ആദ്യകാല പ്രൈമറി വിദ്യാലയം എന്ന നിലയിൽ ഒന്നാം ക്ലാസ് മുതൽ അഞ്ചുവരെ ക്ലാസാണ് ഉള്ളത്. 1989-ൽ സ്കൂളിൽ പ്രീ-പ്രൈമറി ആരംഭിക്കുകയും പിന്നീട് സർക്കാർ അംഗീകരിക്കുകയും ചെയ്തു. തേവലക്കരയുടെ രാഷ്ട്രീയ- സാമൂഹ്യ- സാംസ്കാരിക മേഖലയിൽ നിറഞ്ഞുനിന്ന/നിൽക്കുന്ന ഒട്ടേറെ പേർ ഈ വിദ്യാലയത്തിലെ പൂർവവിദ്യാർത്ഥികളാണ്. അന്താരാഷ്ട്ര നിലവാരത്തിലെ പ്രീ-പ്രൈമറിയാണ് നിലവിലുള്ളത്.

## അടിസ്ഥാന വിവരങ്ങൾ (2025-26)

ക്ലാസുകൾ - പ്രീ-പ്രൈമറി മുതൽ അഞ്ചാം ക്ലാസ് വരെ.

കെട്ടിടങ്ങൾ - 3 എണ്ണം.

ക്ലാസ്മുറികൾ - 11 എണ്ണം.

## അധ്യാപകർ/ ജീവനക്കാർ.

പ്രഥമാധ്യാപകൻ - 1

LPST - 5

PTCM - 1

അറബിക് - 1

പ്രീ-പ്രൈമറി ടീച്ചർ - 1 (സർക്കാർ ഹോണറേറിയം)

പ്രീ-പ്രൈമറി ടീച്ചർ - 1 (PTA നിയമനം)

ആയ - 1 (ഹോണറേറിയം)

പാചകത്തൊഴിലാളി - 1

കുട്ടികൾ - 152 (പ്രീ-പ്രൈമറി മുതൽ അഞ്ചാം ക്ലാസ് വരെ)

# വിദ്യാലയ ദർശനം (OUR VISION)

വിദ്യാലയം.

- സന്തോഷ വിദ്യാലയം (Happy School)
- കുട്ടികൾ വരാനിഷ്ടപ്പെടുന്ന ഇടം
- ജനാധിപത്യ ബോധം വളരുന്ന ഇടം
- പ്രദേശത്തെ എല്ലാ കുട്ടികൾക്കും പഠിക്കാൻ അന്താരാഷ്ട്ര നിലവാരത്തിലുള്ള പഠനസൗകര്യങ്ങൾ ലഭ്യമാകുന്ന ഇടം
- വികസനത്തിന് ഗ്രാമവും വിദ്യാലയവും കൈകോർക്കുന്ന ഇടം
- അധ്യാപകരും വിദ്യാർത്ഥികളും തങ്ങളുടെ പ്രവർത്തനങ്ങൾ താത്പര്യപൂർവ്വം നിർവ്വഹിക്കുന്ന ഇടം.
- വൈജ്ഞാനിക സമൂഹം നിർമിക്കപ്പെടുന്ന ആദ്യ ഇടം

ക്ലാസ്മുറികൾ

- വിജ്ഞാനം നിർമിക്കപ്പെടുന്ന ഇടം
- ജനാധിപത്യ ബോധം വളരുന്ന ഇടം
- ജ്ഞാനനിർമിതിയിലൂന്നിയ കൂട്ടായ പ്രവർത്തനങ്ങൾ നിർവ്വഹിക്കപ്പെടുന്നിടം
- പ്രവർത്തനാധിഷ്ഠിത പഠനം നടക്കുന്ന ഇടം
- ശിശുകേന്ദ്രീകൃത പഠനം നടക്കുന്ന ഇടം
- ടാലന്റ് ലാബായി മാറുന്ന ഇടം
- നിർഭയവും സ്വാതന്ത്ര്യവുമായി കുട്ടികളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കപ്പെടുന്ന ഇടം
- മൂല്യങ്ങൾ, പെരുമാറ്റരീതികൾ എന്നിവ രൂപപ്പെടുന്ന ഇടം

കുട്ടികൾ

- അറിവ് നിർമിക്കുന്നവർ
- ജനാധിപത്യ ബോധത്തിന്റെ ഉടമകൾ
- ചലനാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ
- പഠനം ആസ്വാദ്യകരമാക്കുന്നവർ
- ശാസ്ത്രബോധത്തിന്റെ ഉടമകൾ
- സ്വായത്തമാക്കിയ അറിവ് ഉപയോഗിച്ച് നിത്യജീവിതപ്രശ്നങ്ങൾ പരിഹരിക്കേണ്ടവർ
- ജീവിതനൈപുണി ശേഷികൾ നേടിയവർ

അദ്ധ്യാപകർ

- അറിവ് നിർമ്മാണ പ്രക്രിയയ്ക്ക് നേതൃത്വം വഹിക്കുന്നവർ
- ഗവേഷണാത്മകമായി പഠനപ്രവർത്തനം ആസൂത്രണം ചെയ്യുന്നവർ
- കുട്ടിയുടെ പ്രകൃതം പരിഗണിച്ച് പഠനപ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നവർ
- സമയബന്ധിതമായി പഠനലക്ഷ്യങ്ങൾ കുട്ടി നേടി എന്ന് ഉറപ്പാക്കുന്നവർ.

## ലക്ഷ്യങ്ങൾ (OUR MISSION)

- ~~വിവിധ~~ ഓരോ കുട്ടിയെയും സർഗാത്മക രചയിതാക്കളാക്കൽ
- ഓരോ ക്ലാസിലെയും പഠനലക്ഷ്യത്തിനനുസരിച്ച് ഏറ്റവും ഉയർന്ന നിലവാരത്തിൽ മാതൃഭാഷയിൽ ആശയവിനിമയം നടത്തുന്നതിന് വിവിധ വ്യവഹാര രൂപങ്ങൾ ഉപയോഗിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കൽ.
- ഇംഗ്ലീഷ് ഭാഷയിൽ അനായാസ ആശയവിനിമയം നടത്തുന്നതിന് വിവിധ വ്യവഹാരങ്ങൾ ഓരോ ക്ലാസിന്റെയും ഉയർന്ന നിലവാരത്തിൽ ഉപയോഗിക്കുന്നതിനുള്ള കഴിവുണ്ടാക്കൽ.
- ശാസ്ത്രപഠനത്തിലൂടെ നേടേണ്ട ശാസ്ത്ര പ്രക്രിയാ ശേഷികളും ശാസ്ത്രബോധവും ആർജ്ജിക്കാൻ കുട്ടിയെ പ്രാപ്തരാക്കൽ. അതോടൊപ്പം പുതിയ വിജ്ഞാന നിർമ്മിതിക്ക്/കണ്ടെത്തലുകൾക്ക് കുട്ടിയെ കഴിവുള്ളവരാക്കിമാറ്റൽ.
- ദത്തവിശകലനത്തിന് അവലംബിച്ച് നിഗമനത്തിലെത്താനുള്ള കുട്ടിയുടെ കഴിവിനെ വളർത്തൽ.
- ഗണിതാശയങ്ങൾ സ്വായത്തമാക്കാനും ഗണനചിന്ത വളർത്താനും പ്രശ്നപരിഹരണശേഷി വളർത്താനും കുട്ടിയെ പ്രാപ്തരാക്കൽ
- ചിട്ടയായ പരിശീലനങ്ങൾ, കളികൾ എന്നിവയിലൂടെ ഉയർന്ന ആത്മാഭിമാനവും കായികശേഷിയുമുള്ള കുട്ടികളെ വളർത്തിയെടുക്കൽ, ഉയർന്ന ശാരീരിക-മാനസിക ആരോഗ്യമുള്ള കുട്ടികളായി ഓരോ കുട്ടിയെയും മാറ്റിയെടുക്കൽ.
- മികച്ച അക്കാദമിക പ്രവർത്തനങ്ങൾ നടത്തുന്ന അയൽപക്ക വിദ്യാലയമായി സ്കൂളിനെ മാറ്റി, സമീപത്തെ മുഴുവൻ കുട്ടികളെയും സ്കൂളിലെത്തിക്കൽ

- കുട്ടികളുടെ കലാപര/സർഗാത്മക പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കൽ
- മികച്ച ഗവേഷണാത്മക ബോധന മാതൃകകൾ സൃഷ്ടിക്കൽ
- വിദ്യാലയത്തെ ടാലന്റ് ലാബാക്കി മാറ്റൽ
- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഓരോ വിഷയത്തിലും ആവശ്യമായ കൈത്താങ്ങ് നൽകൽ
- സാങ്കേതിക വിദ്യയിൽ പ്രാവീണ്യമുള്ളവരായി ഓരോ കുട്ടിയെയും മാറ്റൽ.

## പഠനലക്ഷ്യങ്ങൾ

1. വിവിധ ക്ലാസിലെ നിലവാരത്തിനനുസരിച്ച് ഏറ്റവും ഉയർന്ന നിലവാരത്തിൽ മാതൃഭാഷയിൽ ആശയ വിനിമയം നടത്തുന്നതിനും വിവിധ വ്യവഹാര രൂപങ്ങൾ ഉപയോഗിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കൽ.

2. ഇംഗ്ലീഷ് ഭാഷയിൽ അനായാസേന ആശയവിനിമയം നടത്തുന്നതിനും, വിവിധ discourses തന്നെ ഓരോ ക്ലാസിനുമുള്ള ഏറ്റവും ഉയർന്ന നിലവാരത്തിൽ ഉപയോഗിക്കുന്നതിനുള്ള കഴിവുണ്ടാക്കൽ.

3. ഹിന്ദിയിൽ ക്ലാസുകൾക്കനുസരിച്ച് ഏറ്റവും ഉയർന്ന നിലവാരത്തിൽ വ്യവഹാരരൂപങ്ങൾ ഉപയോഗിക്കാൻ പ്രാപ്തരാക്കൽ.

4. ശാസ്ത്ര പഠനത്തിലൂടെ നേടേണ്ട എല്ലാ പ്രക്രിയാ ശേഷികളും ശാസ്ത്രബോധവും ആർജ്ജിക്കാൻ കുട്ടിയെ പ്രാപ്തരാക്കാൻ, പുതിയ വിജ്ഞാന നിർമ്മിതിക്ക്/ കണ്ടെത്തലുകൾക്ക് കുട്ടിയെ പ്രാപ്തരാക്കൽ.

5. ശേഖരിക്കപ്പെട്ട വിജ്ഞാനത്തെ അപഗ്രഥിക്കാനും നിലവിലുള്ള സമൂഹത്തെ വിലയിരുത്താനും ഭാവിയെ രൂപകല്പന ചെയ്യാനും പ്രാപ്തമാക്കുന്ന വിധത്തിൽ ഓരോ ക്ലാസിലെ കുട്ടികളെയും ഉയർന്ന സാമൂഹിക ശാസ്ത്ര പഠനത്തിന്റെ നിലവാരത്തിൽ എത്തിക്കൽ.

6. അനുഭവം, ഭാഷ, ചിത്രം, ബിംബനം എന്നീ ക്ഷേത്ര-ത്തിൽ ഗണിതാശയങ്ങൾ സ്വായത്തമാക്കാനും ഓരോ കുട്ടിക്കും ഏറ്റവും ഉയർന്ന നിലവാരത്തിൽ ശേഷികൾ ആർജ്ജിച്ച് നിത്യജീവിത വ്യവഹാരത്തിൽ ഗണിതാശയങ്ങൾ ഉചിത പരിഹാരങ്ങൾക്കായി ഉപയോഗിക്കാൻ കുട്ടിയെ പ്രാപ്തരാക്കുക.

7. ചിട്ടയായ പരിശീലനങ്ങൾ, കളികൾ എന്നിവയിലൂടെ ഉയർന്ന ആത്മാഭിമാനവും കായികശേഷി ഉള്ള കുട്ടികളെ വളർത്തിയെടുക്കൽ, ഉയർന്ന ശാരീരിക-മാനസിക ആരോഗ്യമുള്ള കുട്ടികളായി ഓരോ കുട്ടിയെയും മാറ്റി എടുക്കൽ.

8. കുട്ടികളിലെ സർഗ്ഗാത്മക പ്രയോജനപ്പെടുത്തി വിവിധ നിർമ്മാണ പ്രവർത്തനങ്ങളിൽ [illegible] നൈപുണ്യം വളർത്തൽ, സാമ്പത്തിക നേട്ടങ്ങൾ ലഭിക്കും വിധം വിവിധ ഉല്പന്നങ്ങൾ തയ്യാറാക്കാൻ അവരെ പ്രാപ്തരാക്കൽ.

9. ഓരോ കുട്ടിയിലും വിവിധ കലാരൂപങ്ങളിലുള്ള കഴിവ് തിരിച്ചറിയാനും തങ്ങളുടേതായ ഒരു മേഖലയിലെങ്കിലും പ്രതിഭയായി കുട്ടിയെ മാറ്റാനും, മികച്ച ആസ്വാദകരും വിമർശകരും ആകത്തക്ക വിധം കലാപഠനത്തിന്റെ വൈജ്ഞാനിക അടിത്തറ വികസിപ്പിക്കാൻ ഉതകുന്ന മികച്ച പരിശീലനം നൽകൽ.

10. മികച്ച അക്കാദമിക പ്രവർത്തനങ്ങൾ നടത്തുന്ന അയൽപക്ക വിദ്യാലയമായി സ്കൂളിനെ മാറ്റി, പ്രദേശത്തെ മുഴുവൻ കുട്ടികളെയും സ്കൂളിൽ എത്തിക്കൽ.

11. പഠനപ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കി മാറ്റി കുട്ടികളെ സ്കൂളിലേക്ക് ആകർഷിക്കൽ.

12. മികച്ച ഗവേഷണാത്മക ബോധന മാതൃകകൾ വ്യാപിക്കൽ.

13. പ്രവർത്തനാധിഷ്ഠിത പഠനത്തിലൂടെ ഓരോ വിഷയത്തിലും ഏറ്റവും ഉയർന്ന നിലവാരത്തിൽ ഓരോ കുട്ടിയേയും എത്തിക്കൽ.

14. പ്രാദേശിക സാധ്യതകൾ പ്രയോജനപ്പെടുത്തി, പഠനം കൂടുതൽ പരിസരബന്ധിതവും പ്രവർത്തനാധിഷ്ഠിതവുമാക്കൽ.

15. വിദ്യാലയത്തിലെ ഓരോ ഇടവും talent Labകൾ ആക്കുക.

16. ഓരോ ലെവലിലും പ്രതിഭകൾക്കു വേണ്ട പോഷണ പ്രവർത്തനങ്ങൾ നൽകൽ.

17. പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഓരോ വിഷയത്തിലും ആവശ്യമായ പിന്താങ്ങ് നൽകൽ.

## വിഭാഗങ്ങൾ

ഉദ്ഗ്രഥനം

മലയാളം

ഇംഗ്ലീഷ്

ഗണിതം

പരിസരപഠനം

കലാപഠനം

കായിക പഠനം

പ്രവർത്തി പരിചയം

അറബിക്

## ക്ലബ്ബ് പ്രവർത്തനങ്ങൾ

വിദ്യാരംഗം കലാസാഹിത്യവേദി

സയൻസ് ക്ലബ്ബ്

പരിസ്ഥിതി ക്ലബ്ബ്

ഗണിത ക്ലബ്ബ്

ഇംഗ്ലീഷ് ക്ലബ്ബ്

സാമൂഹിക ശാസ്ത്ര ക്ലബ്ബ്

ഹെൽത്ത് ക്ലബ്ബ്

ശുചിത്വ ക്ലബ്ബ്

# പ്രവർത്തന പദ്ധതി

- Maths box
- മഞ്ചാടിപ്പെട്ടി

യോഗ പഠനം

സൂംബ പരിശീലനം

ക്ലാസ്സിൽ ഒരു തളിര്, യുറീക്ക

അമ്മവായന
അക്ഷരമരങ്ങൾ
നാടൻ പാട്ട് കളരി

പാട്ടരങ്ങ്

ഹിന്ദി പത്രം (ഓരോ termലും കുട്ടിപ്പത്രം)

അറിവിൻതുമ്പി (മാസാന്ത്യക്വിസ്)

വരയുത്സവം

പാട്ടുത്സവം

കഥോത്സവം

ഗണിതോത്സവം

ശാസ്ത്രോത്സവം

സ്കൂൾ റേഡിയോ

ഇംഗ്ലീഷ് ഫെസ്റ്റ്

English magazine

food fest

സുരക്ഷാബോധവൽക്കരണവുമായി ബന്ധപ്പെട്ട ക്ലാസ്സുകൾ

English diary
English corner
Eng. theater
Eng. Assembly
Eng & Malayalam പത്രം
Maths corner
Youtube channel

# മലയാളം

## ക്ലാസ് ഒന്ന് രണ്ട്

* രക്ഷിതാക്കൾക്ക് സഹപഠന പരിശീലനം (June)
  വായനക്കാർഡ് തയ്യാറാക്കൽ
* ഒരു കഥയിലെ ആശയങ്ങളെ ചിത്രീകരിക്കൽ, (July
  ചിത്രവായന, വാചിക പ്രകടനം, പാട്ടുകൾ
* ക്ലാസ് ലൈബ്രറി നവീകരണം (June-
* ചിത്രകഥ വായന (July)
  പഠനോത്സവം (Aug - Sept ... March
* ബാലസാഹിത്യ കൃതികൾ വായന (I - സെപ്റ്റംബർ, II - June - March)
* സർഗ്ഗാത്മക രചനകൾ (June - March)
* റീഡേഴ്സ് തിയേറ്റർ — July- March
* ക്ലാസ് പത്രം — August മുതൽ
* പഠനോത്സവം — July to Feb.
* ഭാഷോത്സവം — January

  നിർവ്വഹണഘട്ടങ്ങൾ - വിഷയത്തിന്റെ ആസൂത്രണങ്ങൾ

| മലയാളം 3,4,5 | പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|---|
| ക്ലാസ് ലൈബ്രറി നവീകരണം | ജൂൺ - മാർച്ച് | വിദ്യാരംഗം |
| വായനാക്കുറിപ്പ് തയ്യാറാക്കൽ പുസ്തക പരിചയം | ജൂൺ - മാർച്ച് | കുട്ടികൾ |
| സർഗാത്മക ഡയറി എഴുത്ത് | ജൂൺ - മാർച്ച് | അധ്യാപകർ |
| ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വിവിധ വ്യവഹാരരൂപങ്ങളിൽ രചനകൾ നടത്തൽ | ജൂൺ - മാർച്ച് | ക്ലബ്ബുകൾ |
| നാടൻപാട്ട് ശില്പശാലയും വിദ്യാരംഗം ഉദ്ഘാടനവും | ജൂലൈ | വിദ്യാരംഗം |
| വായനാക്കൂട്ടം - തളിര്, യുറീക്ക | ജൂൺ - മാർച്ച് | അധ്യാപകർ |
| പതിപ്പ് നിർമ്മാണം - പഴഞ്ചൊല്ല്, കടങ്കഥ, നാടൻപാട്ട് | ജൂൺ - ജൂലൈ | അധ്യാപകർ |
| കഥോത്സവം - നാടോടിക്കഥകളുടെ അവതരണശില്പശാല | ജൂലൈ | വിദ്യാരംഗം |
| നാടോടിക്കഥ - പാവനാടകം ശില്പശാല | ജൂലൈ | വിദ്യാരംഗം അധ്യാപകർ |
| പദക്കാർഡ്, വായനാക്കാർഡ് തയ്യാറാക്കൽ | ജൂൺ - ജൂലൈ | അധ്യാപകർ |
| സ്കൂൾ പത്രം | ആഗസ്റ്റ് | കുട്ടികൾ അധ്യാപകർ SMC |
| കലാകാരനുമായി അഭിമുഖ സംഭാഷണം - പൂർവ്വ വിദ്യാർത്ഥി കലാമണ്ഡലം അനന്ദു | ആഗസ്റ്റ് | വിദ്യാരംഗം |
| പലഹാരമേള - പാചകക്കുറിപ്പ് തയ്യാറാക്കൽ | ആഗസ്റ്റ് | അധ്യാപകരും രക്ഷിതാക്കളും |
| ഹരിതകർമ്മസേന അംഗവുമായി അഭിമുഖം | സെപ്റ്റംബർ | സയൻസ് ക്ലബ്ബ് |

| | | |
|---|---|---|
| ഭാഷാപഠനത്തിന് സർഗ്ഗവേള- വിവിധ വ്യവഹാരരൂപങ്ങളുടെ അവതരണം സർഗ്ഗവേളകളിൽ ഉറപ്പാക്കുന്നു | ജൂൺ- മാർച്ച് | അധ്യാപകർ |
| കൃഷിയിടം സന്ദർശനം<br>കൃഷിപ്പാട്ടുകൾ, കൃഷിച്ചൊല്ലുകൾ<br>കുട്ടിക്കാല കളി അനുഭവങ്ങൾ- പതിപ്പ് | ഒക്ടോബർ | അധ്യാപകർ കുട്ടികൾ |

# English

## class 1, 2, 3, 4 and 5

| | |
|---|---|
| 1. Spelling Bee Games and other language games. Students learn more english words and play these games once in a week. They list out all words used in these games and prepare 'My word book' | June - March |
| 2. Lone Word Collection. Students collect lone words with the help of teacher and prepare 'My word book' | June - March |
| 3. English library. Arranging english books and reading cards in the class library. Ensuring proper usage of library by issuing charge of class librarian. | June - March |
| 4. English Assembly. To speak and read english fluently, conduct assembly in english once in a week. | June - March |
| 5. English Diary. To write English without errors, | June - March |

Write down the things happening in school and at home at least thrice a week.

| | |
|---|---|
| 6. English Theatre<br>To develop creative skills in students to exibit skit, drama, conversation, story etc... related to their textbook. | June - March |
| 7. English Magazine<br>To include the writeups of all the students and combine them to make a magazine once in every 3 months. | once in a year. |
| 8. English Fest<br>To develop self confidence in children to handle the language i,e to read and write include activities like writing poems, essays, reading books and other creative activities. | once in a year. |
| 9. Rhyme Time ⅋<br>Half an hour is given to students for watching english Rhymes once in a week, and time is given for presentation. | June - March |

# ഗണിതം

| ക്ലാസ് 1, 2 | പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|---|
| ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഉൾക്കൊള്ളുന്ന ക്യാമ്പ് | ജൂൺ | അധ്യാപിക CPTA |
| പഠനോപകരണ നിർമ്മാണം<br>ശില്പശാല<br>തീപ്പെട്ടി നിറയ്ക്കൽ<br>ഡൈസ് നിർമ്മാണം<br>സംഖ്യാകാർഡുകൾ<br>ചിത്ര പുസ്തകം | ജൂൺ - ജൂലൈ | അധ്യാപിക CPTA |
| മഞ്ചാടി സഞ്ചി നിർമ്മാണം | ജൂൺ | അധ്യാപിക CPTA |
| സംഖ്യാഗാനങ്ങൾ ശേഖരണം | ജൂലൈ | അധ്യാപിക കുട്ടികൾ |
| ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ<br>സംഖ്യാ കേളികൾ<br>ഗണിത ആൽബം | ജൂൺ - മാർച്ച് | |

| ഗണിതം 3, 4, 5 | പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|---|
| കണക്കുപെട്ടി നിർമ്മാണം | | |
| ഒറിഗാമി ശില്പശാല<br>ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ<br>പ്രദർശിപ്പിക്കൽ. | ജൂൺ | അധ്യാപിക<br>PTA |
| ഗണിതലാബ് ഒരുക്കൽ | ജൂൺ - മാർച്ച് | അധ്യാപകർ |
| ഗണിതപഠനോപകരണ ശില്പശാല<br>കളിനോട്ട് നിർമ്മാണം<br>കമ്പ് കെട്ടുകൾ<br>സംഖ്യാസ്ട്രിപ്പുകൾ<br>അബാക്കസ് നിർമ്മാണം | ജൂലൈ | അധ്യാപിക<br>PTA |
| പാറ്റേൺ പൂർത്തിയാക്കൽ | | |
| ഗണിതമാഗസിൻ തയ്യാറാക്കൽ | | |
| ഗണിതമേള സംഘടിപ്പിക്കൽ<br>ഗണിതപസിലുകൾ<br>ഗണിത ക്വിസ്<br>പഠനോല്പന്നങ്ങളുടെ പ്രദർശനം | സെപ്റ്റംബർ-ഒക്ടോബർ | അധ്യാപകർ |
| സ്കെയിൽ നിർമ്മാണം<br>കുട്ടികളുടെ ഉയരം, തൂക്കം ക്യാമ്പ് | ഒക്ടോബർ | അധ്യാപകർ |
| ഗുണന വസ്തുതാ കാർഡ് നിർമ്മാണം | നവംബർ | അധ്യാപിക |

| പരിസരപഠനം (1-4) | പ്രവർത്തന കാലയളവ് | നിർവഹണ ചുമതല |
|---|---|---|
| പരിസ്ഥിതി ദിനാചരണം<br>പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടീൽ<br>നട്ട വൃക്ഷത്തൈ പരിപാലിക്കൽ | ജൂൺ | സയൻസ് ക്ലബ്ബ് |
| ജൈവ വൈവിധ്യ ഉദ്യാന നിർമ്മാണം<br>സ്കൂൾ പൂന്തോട്ട നവീകരണം | ജൂൺ-ജനുവരി | സയൻസ് ക്ലബ്ബ് SRG |
| സ്കൂൾ ഹെൽത്ത് ക്ലബ്ബ് പ്രവർത്തനങ്ങൾ | ജൂൺ-മാർച്ച് | ഹെൽത്ത് ക്ലബ്ബ് |
| പോസ്റ്ററുകൾ തയ്യാറാക്കാം<br>പരിസരങ്ങളിൽ പതിക്കാം<br>(നല്ലശീലം) | ജൂലൈ-മാർച്ച് | കുട്ടികൾ അധ്യാപകർ |
| നമുക്ക് ചുറ്റുപാടുകളെ മലിനീകരണ പ്രശ്നങ്ങൾ തിരിച്ചറിയൽ. സ്വയം തിരുത്താം<br>(ഫീൽഡ് ട്രിപ്പ്) | ജൂൺ - ഒക്ടോബർ | SRG |
| ആരോഗ്യപ്രവർത്തകരുമായുള്ള അഭിമുഖം | സെപ്റ്റംബർ | SRG, സയൻസ് ക്ലബ്ബ് |
| ഭക്ഷ്യമേള - പ്രദർശനം<br>നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചിയറിവും | ഒക്ടോബർ | കുട്ടികൾ അധ്യാപകർ SRG |

| | | |
|---|---|---|
| ആരോഗ്യ വിദഗ്ധരുടെ ക്ലാസ്സ് | നവംബർ | സയൻസ് ക്ലബ്ബ്<br>ഹെൽത്ത് ക്ലബ്ബ് |
| കർഷകരുമായി അഭിമുഖം | ജനുവരി | സയൻസ് ക്ലബ്ബ് |
| ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ഡിസംബർ - ഫെബ്രുവരി | സയൻസ് ക്ലബ്ബ് |
| പഠനോത്സവം | മാർച്ച് | SRG, MPTA |

പരിസരപഠനം നാലാം ക്ലാസ്.

| | | |
|---|---|---|
| പരിസരവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ശേഖരിക്കൽ. | ആവശ്യാനുസരണം | HM<br>CPTA. |
| ശാസ്ത്രജ്ഞരുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ ശേഖരിക്കൽ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ. |
| ലഘു പരീക്ഷണങ്ങൾ സ്കൂൾ ലാബിൽ ചെയ്യിപ്പിക്കൽ. | ആഴ്ചയിലൊരിക്കൽ | ശാസ്ത്രക്ലബ്ബ്. |
| ശാസ്ത്രപഠനത്തിലൂടെ നേടിയ ചിത്രം, ചാർട്ട്, മാതൃക, പഠനോ-പകരണങ്ങൾ പരീക്ഷണ ഉപകരണ ശേഖരണം. | മേളയ്ക്ക് മുമ്പായി | ശാസ്ത്ര ക്ലബ്ബ്. |

അടിസ്ഥാനശാസ്ത്രം അക്കാദമിക്സ്.

| | | |
|---|---|---|
| ജീവികളോടും, പച്ചക്കറികളോടും കുട്ടിക്ക് ശാസ്ത്രീയമായി ഇടപെടുന്ന ശാസ്ത്രാന്വേഷണ പ്രവർത്തനങ്ങൾ നിരീക്ഷണം | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകൻ സയൻസ് ക്ലബ്ബ്. |
| സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ. |
| കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തിയെടുക്കുന്നതിനായി ക്ലാസ്സിൽ ശാസ്ത്രമാസികകൾ - പുസ്തകങ്ങൾ വിതരണം ചെയ്യുന്നു. | അക്കാദമിക വർഷം | HM. |
| പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്രീയ പരീക്ഷണക്കുറിപ്പുകൾ ചാർട്ടുകൾ - ചിത്രങ്ങൾ പ്രദർശനം | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ |
| ICT എന്ന സാധ്യതകളെ ശാസ്ത്ര വിഷയങ്ങൾ കുട്ടികളിലേക്ക് എത്തി-ക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ. |
| പാഠഭാഗവുമായി ബന്ധപ്പെട്ട ടോക്ക്, ക്വിസ് എന്നിവ ക്ലാസ്സിൽ നടത്തുന്നു. | ആഴ്ചയിലൊരിക്കൽ. | ശാസ്ത്രക്ലബ്ബ്. |

## സാമൂഹ്യശാസ്ത്രം

ക്ലാസ് 5

| | പ്രവർത്തന കാലയളവ് | നിർവഹണ ചുമതല |
|---|---|---|
| അടിസ്ഥാന വിവരങ്ങൾ ഉൾക്കൊള്ളിച്ച് 'അറിവിൻ തുള്ളികൾ' എന്ന പേരിൽ ആഴ്ച ക്വിസ് മത്സരങ്ങളും ടെസ്റ്റ് | ജൂൺ മാർച്ച് | അധ്യാപകർ |
| ലഹരിക്കെതിരെ ബോധവത്കരണക്ലാസ് | ജൂൺ | HM |
| ICT സാധ്യതകളുപയോഗിച്ച് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സംഭവങ്ങൾ എന്നിവയുടെ വീഡിയോ പ്രദർശനം | ജൂലൈ | അധ്യാപിക |
| ദിനാചരണങ്ങൾ | ജൂൺ മാർച്ച് | അധ്യാപകർ |
| ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ പങ്കെടുത്ത് ജനാധിപത്യത്തിന്റെ അടിസ്ഥാന തലം മനസിലാക്കുന്നു. | വർഷത്തിലെ ദിനങ്ങൾ | രക്ഷിതാക്കൾ |
| അഗ്നിശമന സേനാ ഉദ്യോഗസ്ഥരുടെ Demonstration class സംഘടിപ്പിക്കുന്നു. | ആഗസ്റ്റ് | സാമൂഹ്യശാസ്ത്ര ക്ലബ് |
| സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യങ്ങൾ എന്നിവിഷയത്തിൽ ബോധവത്കരണക്ലാസ് | സെപ്തംബർ | സാമൂഹ്യ ശാസ്ത്രക്ലബ് |

GISMVLPS THEVALAKKARA

പഠന ലക്ഷ്യങ്ങൾ (അറബിക്)

1. അറബി അക്ഷരമാല പൂർണ്ണമായി പഠിക്കുകയും ശരിയായ ഉച്ചാരണത്തോടെ അക്ഷരങ്ങൾ ഉച്ചരിക്കുകയും ചെയ്യുക.
2. ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന അടിസ്ഥാന അറബി വാക്കുകളും ലളിതമായ സംഭാഷണങ്ങളും പഠിപ്പിക്കുക
3. അടിസ്ഥാന അറബി വാക്യഘടന മനസ്സിലാക്കുകയും ലളിതമായ അറബി പുസ്തകങ്ങൾ വായിക്കാൻ പരിശീലിക്കുകയും ചെയ്യുക.
4. അറബി ഭാഷാദിനം പരിചയപ്പെടുന്നു.
5. കുട്ടികളിലെ പൊതുവിജ്ഞാനം വർദ്ധിക്കുകയും ഭാഷ അനായാസമായി കൈകാര്യം ചെയ്യാനും സാധിക്കുന്നു.
6. അറബി ഭാഷയുമായി പരിചയം ഉണ്ടാക്കുകയും ഭാഷയോട് ഇഷ്ടം ജനിപ്പിക്കുകയും സംസാരിക്കാനുള്ള താൽപര്യം ഉണ്ടാക്കുകയും ചെയ്യുന്നു.
7. അക്ഷര രൂപ വ്യത്യാസം മനസ്സിലാക്കാനുള്ള ശേഷി കുട്ടികളിൽ വർദ്ധിക്കുന്നു.
8. തെറ്റ് കൂടാതെ അക്ഷരങ്ങൾ വായിക്കാനുള്ള കഴിവ്, എല്ലാ അക്ഷരങ്ങളും ചിഹ്നങ്ങളോട് കൂടി എഴുതാനുള്ള കഴിവ് വളർത്തുകയും ലളിതമായ പദങ്ങൾ എഴുതാനുള്ള ശേഷി മെച്ചപ്പെടുത്തുകയും ചെയ്യുന്നു.
9. അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം വളർത്തിയെടുക്കുന്നു.

10. ലളിതമായ വാക്യങ്ങൾ വായിക്കാൻ കുട്ടികളെ ഓരോരുത്തരെയും പ്രാപ്തരാക്കുന്നു.

11. സ്വതന്ത്രമായി വായിക്കാനുള്ള കഴിവ് നേടിയെടുക്കുകയും ചെറുവാക്യങ്ങൾ എഴുതാനുള്ള കഴിവുകൾ വളർത്തിയെടുക്കുകയും ചെയ്യുന്നു.

12. നിത്യജീവിതത്തിൽ അറബിയിൽ ആശയവിനിമയത്തിനുള്ള ശേഷി വളർത്തിയെടുക്കുക.

13. സ്വതന്ത്രമായ വായനക്ക് ശേഷി ശക്തിപ്പെടുത്തുകയും കുട്ടികളിൽ വായന താൽപര്യം വർദ്ധിപ്പിക്കുകയും അതിലൂടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുകയും ചെയ്യുന്നു

14. അറബി ഭാഷയും സാംസ്കാരവുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ കുട്ടികൾക്ക് നൽകുകയും ചെയ്യുന്നു.

15. ഓരോ സാഹിത്യ മേഖലയിലും പ്രതിഭകൾക്കു വേണ്ട പോഷണ പ്രവർത്തനങ്ങൾ നൽകുന്നു.

16. വിവിധ ക്ലാസിലെ നിലവാരത്തിനനുസരിച്ച് ഏറ്റവും ഉയർന്ന നിലവാരത്തിൽ അറബിഭാഷയിൽ ആശയവിനിമയം നടത്തുന്നതിനും ഭാഷാ വൈദഗ്ധ്യം സ്വായത്തമാക്കുവാനും കുട്ടികളെ പ്രാപ്തരാക്കുന്നു.

17. പ്രത്യേക പരിഗണന ഭാഷയിൽ ആവശ്യമായ വിദ്യാർത്ഥികൾക്ക് അർഹിക്കുന്ന രീതിയിൽ ആവശ്യമായ കൈത്താങ്ങ് നൽകുന്നു.

# പഠന പ്രവർത്തനങ്ങൾ

| | |
|---|---|
| → ഇൻ്ററാക്ടീവ് ക്ലാസുകൾ - ഓഡിയോ വിഷ്വൽ പഠനം - അക്ഷരവായന - അറബിക് മധുരം | ജൂൺ |
| → എഴുത്ത് പരിശീലനം - അക്ഷര കാർഡുകൾ<br>അക്ഷര ഗാനങ്ങൾ - ഒരു ദിനം ഒരറിവ് പദ്ധതി<br>അറബിക് ക്ലബ്ബ് - ടാലൻ്റ് ടെസ്റ്റ് | ജൂലൈ<br>മാർച്ച് |
| → ലാംഗ്വേജ് ഗെയിംസ് - റീഡിങ് കാർഡ് നിർമ്മാണം പദസമ്പത്ത് ഗെയിമുകൾ | ഓഗസ്റ്റ് |
| → കഥാ വായന - വാക്യ നിർമ്മാണം - ചിത്രങ്ങളിലൂടെയുള്ള പഠനം - അഭിനയവും സംഭാഷണവും - ചിത്ര നിഘണ്ടു. | സെപ്തംബർ |
| → വാക്യ കാർഡുകൾ - വായനാ ക്ലബ്ബ് - ഗാന്ധിജയന്തി ക്വിസ് - റോൾ പ്ലേ | ഒക്ടോബർ |
| → ചിത്രകഥ വായന - വീട്ടുവായന - വായന മത്സരങ്ങൾ | നവംബർ |
| → പോസ്റ്റർ നിർമ്മാണം - പതിപ്പ് നിർമ്മാണം പ്രശ്നോത്തരി മത്സരം - അക്ഷര കാർഡ് നിർമ്മാണം - സ്കിറ്റ് അവതരണം - അറബിക് ദിനം | ഡിസംബർ |
| → അറബിക് കഥകൾ - അറബിക് കാലിഗ്രഫി കഥാ വായന - വായന ക്ലബ്ബ് | ജനുവരി |
| → ചിത്രകഥകൾ - വാക്യ കാർഡുകൾ - അറബിക് നൃത്തം | ഫെബ്രുവരി |

→ അറബിക് വസ്ത്രധാരണം - അറബിക് ഭക്ഷണം ലഘുപരിചയം - ഡോക്യുമെന്ററി പ്രദർശനം — മാർച്ച്

→ അറബിക് മധുരം ; വായനാലോകം - ആസ്വാദന ലോകം — ജൂൺ മാർച്ച്

→ അറബിക് അസംബ്ലി - അറബിക് ഫെസ്റ്റ് - നല്ല എഴുത്ത് — ഡിസംബർ മാർച്ച്

→ ദിനാചരണങ്ങൾ - പോസ്റ്റർ നിർമ്മാണം - ഗ്രൂപ്പ് പ്രവർത്തനം — ജൂൺ മാർച്ച്